# നീര ഉൽപാദനത്തിന് സർക്കാർ സഹായം നൽകും: ഉമ്മൻചാണ്ടി

കുറ്റ്യാടി● കർഷകർ ഏറെ പ്രതീക്ഷയോടെ കാത്തിരുന്ന നീര ഉൽപാദനത്തിന് കലവറയില്ലാത്ത പിന്തുണ സർക്കാർ ഭാഗത്തുനിന്നുണ്ടാകുമെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി.

മുള്ളൻകുന്നിൽ കുറ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നീരപ്ലാന്റിന്റെ ശിലയിടൽ നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. നീര യാഥാർഥ്യമാക്കാൻ കൃഷിമന്ത്രി കെ.പി. മോഹനനും എക്സൈസ് മന്ത്രി കെ. ബാബുവും ആത്മാർഥപരിശ്രമം നടത്തിയതായും മുഖ്യമന്ത്രി പറഞ്ഞു. കള്ള് ചെത്ത് തൊഴിലാളികളുടെ ജോലി നഷ്ടപ്പെടുമെന്ന ആശങ്കയുണ്ടായിരുന്നെങ്കിലും അതൊന്നും നീര ഉൽപാദനത്തെ ബാധിക്കുകയില്ലെന്നും ധാരാളം ചെറുപ്പക്കാർക്ക് തൊഴിൽ ലഭിക്കുകയും നാളികേര കർഷകർക്ക് വൻനേട്ടമുണ്ടാകുമെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. മന്ത്രി കെ.പി. മോഹനൻ അധ്യക്ഷത വഹിച്ചു.

ഷെയർസർട്ടിഫിക്കറ്റ് വിതരണം മുല്ലപ്പള്ളിരാമചന്ദ്രൻ എംപിയും നീര വിതരണം ഇ.കെ.വിജയൻ എംഎൽഎയും നീര ടെക്നീഷ്യൻ സർട്ടിഫിക്കറ്റ് വിതരണം കെ.കെ. ലതിക എംഎൽഎയും ലോഗോ പ്രകാശനം സി.കെ. നാണു എംഎൽഎയും നിർവഹിച്ചു. നാളികേര വികസനബോർഡ് ചെയർമാൻ ടി.കെ. ജോസ്, പി.ജി.ജോർജ്, കമല ആർ. പണിക്കർ, അജിത നടേമ്മൽ, കെ. സജിത്ത്, കെ.കെ. നഫീസ, പി, സുരേന്ദ്രൻ, കെ.ടി. ജെയിംസ്, കെ.പി. കുഞ്ഞമ്മദ്കുട്ടി, അഹമ്മദ് പുന്നക്കൽ, ജോൺ പൂതക്കുഴി, മനയത്ത് ചന്ദ്രൻ, എ.വി. ശശാങ്കൻ,പി. രഘുനാഥ്,ഫാ. ജോസ് വടക്കേടം, കെ. മൃദുല, രമേശൻ പാലേരി, ബാബു മത്തത്ത്, കെ.



മുള്ളൻകുന്നിൽ കുറ്റ്യാടി കോക്കനട്ട് ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നീര പ്ലാന്റ് ശിലയിടൽ മുഖ്യമന്ത്രി ഉമ്മൻചാണ്ടി നിർവഹിക്കുന്നു. മന്ത്രി കെ.പി. മോഹനൻ, മുല്ലപ്പള്ളിരാമചന്ദ്രൻ എംപി, എംഎൽഎമാരായ സി.കെ. നാണു, ഇ.കെ. വിജയൻ, കെ.കെ.ലതിക എന്നിവർ സമീപം.

സി. ബാലകൃഷ്ണൻ .കെ. വേണു,വി.എം.ചന്ദ്രൻ. പശ്ചിനി സുഗുണൻ, കെ.കെ. നന്ദനൻ. എം. പി. രാജൻ, കെ.പി. രാജൻ, പി.എം. ജോർജ്, പി.ടി. ജോസ്, കെ.സി.സൈനുദ്ദീൻ, കോരങ്കോട്ട് മൊയ്തു, കെ.സി. സെബാസ്റ്റ്യൻ, ടി.പി. ആലി എന്നിവർ പ്രസംഗിച്ചു.